ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 20-06-2025**

## പ്രധാനവാർത്തകൾ

1. പതിന്നൊന്നാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിന് ഒരുങ്ങി രാജ്യം. നാളെ ആന്ധ്രാപ്രദേശിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

2. പൊലീസിനു വേണ്ടി വാങ്ങിയ 241 പുതിയ വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഫ്ലാഗ് ഓഫ് ചെയ്യും.

3. ഇന്ത്യൻ ബഹിരാകാശസഞ്ചാരി ശുഭാൻഷു ശുക്ലയുൾപ്പെടുന്ന ആക്സിയം-4 ബഹിരാകാശ ദൗത്യം വീണ്ടും മാറ്റിവച്ചു.

4. വിദേശ വിദ്യാർഥി പ്രവേശനത്തിൽ റെക്കോഡ് നേട്ടവുമായി കേരള സർവകലാശാല. 81 രാജ്യങ്ങളിൽ നിന്നായി 2,620 അപേക്ഷകൾ ലഭിച്ചു.

5. അഭയാർത്ഥികളോട് ഐക്യദാർഢ്യം എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക അഭയാർത്ഥി ദിനം.

6. ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് ഇംഗ്ലണ്ടിലെ ലീഡ്സിൽ തുടക്കം.

***********************************

RAJU TVPM

## പ്രധാനമന്ത്രി - ബീഹാർ

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബീഹാർ സന്ദർശിക്കും. 5,900 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും. സിവാൻ ജില്ലയിൽ നടക്കുന്ന പൊതു സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

***********************************

## അന്താരാഷ്ട്ര യോഗ ദിനം

പതിനൊന്നാമത് അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പങ്കെടുക്കും. ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം നാളെ യോഗ പരിപാടികൾ സംഘടിപ്പിക്കും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ്കുര്യനും, കൊച്ചിയിൽ നടക്കുന്ന യോഗദിനാചരണത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും, മലപ്പുറം കോട്ടക്കലിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെയും പങ്കെടുക്കും.

RNUTVPM

***********************************

## യോഗ - കോഴിക്കോട്

എൻ ഐ ടി കാലിക്കറ്റിന്റെ സഹകരണത്തോടെ കാലിക്കറ്റ് ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഹാന്റികാപ്ഡ് നേതൃത്വത്തിൽ വൈകീട്ട് അന്താരാഷ്ട്ര യോഗ ദിനാചരണ പരിപാടികൾ നടക്കും. ചടങ്ങിൽ എൻ ഐ ടി കാലിക്കറ്റ് ഡയറക്ടർ പ്രസാദ് കൃഷ്ണ പങ്കെടുക്കും.

***********************************

## പോലീസ് വാഹനം-ഫ്ലാഗ് ഓഫ്

പൊലീസിനു വേണ്ടി വാങ്ങിയ 241 പുതിയ വാഹനങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം SAP ഗ്രൗണ്ടിൽ ഫ്ലാഗ് ഓഫ് ചെയ്യും. പൊലീസ് സ്റ്റേഷനുകൾക്കും, കൺട്രോൾ റൂമുകൾക്കും, സ്പെഷ്യൽ യൂണിറ്റുകൾക്കും വേണ്ടിയാണ് വാഹനങ്ങൾ വാങ്ങിയത്.

*********************************

## നിലമ്പൂർ - വോട്ടെണ്ണൽ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണലിനുള്ള മുന്നോരുക്കങ്ങൾ മണ്ഡലത്തിൽ ആരംഭിച്ചു. തിങ്കളാഴ്ച നടക്കുന്ന വോട്ടെണ്ണലിൻറെ കൗണ്ടിംഗ് സ്റ്റേഷനായ ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിൽ 14 ഇവിഎം കൗണ്ടിംഗ് ടേബിളുകളും 5 പോസ്റ്റൽ ബാലറ്റ്/ സർവീസ് വോട്ട് കൗണ്ടിങ് ടേബിളുകളും സജ്ജീകരിക്കും. 263 പോളിംഗ് ബൂത്തുകളിലായാണ് നിലമ്പൂരിൽ വോട്ടെടുപ്പ് നടന്നത്.

RNU TVPM

*********************************

## ആക്സിയം-4 ദൗത്യം

ഇന്ത്യൻ ബഹിരാകാശസഞ്ചാരി ശുഭാൻഷു ശുക്ലയുൾപ്പെടുന്ന അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള ആക്സിയം-4 ദൗത്യം വീണ്ടും മാറ്റിവച്ചു. ജൂൺ 22 ന് ദൗത്യം വിക്ഷേപിക്കുമെന്നാണ് നേരത്തെ അറിയിച്ചിരുന്നത്. ഓർബിറ്റൽ ലബോറട്ടറിയുടെ സ്വെസ്ഡ സർവീസ് മൊഡ്യൂളിന്റെ അറ്റകുറ്റപ്പണികൾക്ക് ശേഷം ബഹിരാകാശ നിലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കൂടുതൽ സമയം ആവശ്യമാണെന്ന് നാസ ഇന്ന് പ്രസ്താവനയിൽ അറിയിച്ചു.

*********************************

## പോക്സോ - പുസ്തകം (ഇൻട്രോ)

ഇടുക്കി ജില്ലയിലെ എല്ലാ സ്കൂളുകളിലും പോക്സോ അടിസ്ഥാന നിയമ പുസ്തകം വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കമായി. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും വനിത ശിശുവികസന വകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതി സംസ്ഥാനത്ത് ആദ്യത്തേതാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

**(വോയ്സ്)**

************************************

## ഓപ്പറേഷൻ സിന്ധു

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇസ്രയേലിൽ നിന്നുള്ള ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുമെന്ന് കേന്ദ്ര സർക്കാർ. ഇസ്രയേലിൽ നിന്ന് ഇന്ത്യയിലെത്താൻ താല്പര്യമുള്ള പൗരന്മാർക്ക് സുഗമമായ യാത്ര ഉറപ്പാക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഇതിനായി ഇന്ത്യൻ പൗരൻമാർ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടെൽ അവീവിലെ ഇന്ത്യൻ എംബസിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. അതേസമയം, ഇറാന്റെ ആവശ്യപ്രകാരം യുഎൻ രക്ഷാസമിതി ഇന്ന് അടിയന്തരയോഗം ചേരും. ഇറാൻ വിദേശകാര്യ മന്ത്രി ഇന്ന് ജനീവയിൽ ജർമനി, ഫ്രാൻസ്, യുകെ വിദേശകാര്യ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തും.

************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

(ബ്രേക്ക്)

************************************

RNU TVPM

## കേരള സർവകലാശാല

വിദേശ വിദ്യാർഥി പ്രവേശനത്തിൽ റെക്കോഡ് നേട്ടവുമായി കേരള സർവകലാശാല. 2025-26 അധ്യയനവർഷം 81 രാജ്യങ്ങളിൽ നിന്നായി 2,620 അപേക്ഷകൾ കേരള സർവകലാശാലയ്ക്ക് ലഭിച്ചു. കഴിഞ്ഞവർഷം 64 രാജ്യങ്ങളിൽ നിന്നായി 2,600 പേർ പ്രവേശനം തേടി. വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിലെ സ്ഥിരമായ വളർച്ച കേരള സർവകലാശാലയുടെ വർദ്ധിച്ചുവരുന്ന ആഗോള ആകർഷണീയതയ്ക്ക് തെളിവാണെന്ന് അന്താരാഷ്ട്ര പ്രവേശനത്തിന് മേൽനോട്ടം വഹിക്കുന്ന സെന്റർ ഫോർ ഗ്ലോബൽ അക്കാദമിക്സിന്റെ ഡയറക്ടർ സാബു ജോസഫ് പറഞ്ഞു.

***********************************

## സദാചാര പൊലീസ് - കണ്ണൂർ

RNUTVPM

കണ്ണൂർ കായലോട് പറമ്പായിയിലെ റസീനയുടെ ആത്മഹത്യ സദാചാര പൊലീസിന്റെ തുടർച്ചയെന്ന് പൊലീസ്. ആൺ സുഹൃത്തുമായുള്ള ബന്ധം മോശമായി ചിത്രീകരിച്ചുവെന്നതായുള്ള ആത്മഹത്യ കുറിപ്പ് കേന്ദ്രീകരിച്ചാണ് മൂന്ന് പേരെ അറസ്റ്റ് ചെയ്തതെന്നും സിറ്റി പോലീസ് കമ്മിഷണർ നിധിൻരാജ് പറഞ്ഞു. റസീനയുടെ ബന്ധു ഉൾപ്പെടെയുള്ളവരാണ് അറസ്റ്റിലായത്. റസീനയും സുഹൃത്തും സംസാരിക്കുന്നതിനിടെ പ്രതികൾ ഇവരെ കൈയേറ്റം ചെയ്യുകയായിരുന്നു. നിലവിൽ ആത്മഹത്യ പ്രേരണ കുറ്റമാണ് ചുമത്തിയിരിക്കുന്നത്.

***********************************

## സ്വച്ഛ് സർവേക്ഷൺ-കണ്ണൂർ (ഇൻട്രോ)

കേന്ദ്ര സർക്കാരിൻറെ സ്വച്ഛ് സർവേക്ഷൺ ഗ്രാമീൺ 2025-ൻറെ സർവ്വേ കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്നു. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

*********************************

## ലോക അഭയാർത്ഥി ദിനം

ലോക അഭയാർത്ഥി ദിനം ഇന്ന്. ആഭ്യന്തര സംഘർഷങ്ങളെ തുടർന്ന് സ്വന്തം രാജ്യം ഉപേക്ഷിക്കേണ്ടി വരുന്നവർക്കു വേണ്ടിയാണ് ഐക്യരാഷ്ട്ര സഭ ഈ ദിനാചരണം ആഹ്വാനം ചെയ്തത്. അഭയാർത്ഥികളോട് ഐക്യദാർഢ്യം എന്നതാണ് ഇത്തവണത്തെ പ്രമേയം. ദിനാചരണത്തിന്റെ ഭാഗമായി, UNHCR ഇന്ത്യയുടെ നേതൃത്വത്തിൽ യുനെസ്കോയുടെ ന്യൂഡൽഹിയിലെ ആസ്ഥാനത്ത് പ്രത്യേക പരിപാടി സംഘടിപ്പിച്ചു.

*********************************

## തീരദേശ മേഖലാ ക്യാമ്പ്.. (ഇൻട്രോ)

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന തീരദേശ മേഖലാ ക്യാമ്പ് ഇന്നും നാളെയും കോഴിക്കോട് നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു......**

RNUTVPM

(വോയ്സ്)

*********************************

## ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ടെണ്ടുൽക്കർ-ആൻഡേഴ്സൺ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സര പരമ്പരയിലെ ആദ്യ ടെസ്റ്റ് ഇന്ന് ഇംഗ്ലണ്ടിലെ ലീഡ്സിൽ ആരംഭിക്കും. ഇന്ത്യൻ സമയം ഉച്ചക്ക് 3:30 നാണ് മത്സരം. രോഹിത് ശർമ്മ, വിരാട് കോഹ്‌ലി തുടങ്ങിയ മുതിർന്ന ബാറ്റ്സ്മാൻമാരുടെ അഭാവത്തിലാണ് ഇന്ത്യൻ സംഘം

ഇന്നിറങ്ങുന്നത്. ശുഭ് മാൻ ഗില്ലാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

*********************************

## അഡ്വ പി ജെ ഫ്രാൻസിസ്

കഴിഞ്ഞ ദിവസം അന്തരിച്ച കോൺഗ്രസ് നേതാവും ആലപ്പുഴ മാരാരിക്കുളം മുൻ എം എൽ എയുമായിരുന്ന അഡ്വ പി ജെ ഫ്രാൻസിസിന്റെ സംസ്കാരം ഇന്ന് വൈകിട്ട് 3 ന് ആലപ്പുഴ മൗണ്ട് കാർമ്മൽ കത്തിഡ്രൽ സെമിത്തേരിയിൽ നടക്കും. ഭൗതികദേഹം രാവിലെ ആലപ്പുഴ ഡി.സി സി ഓഫീസിൽ പൊതു ദർശനത്തിന് വെച്ചു

*********************************

## ശിവൻകുട്ടി - രാജ്ഭവൻ

രാജ്ഭവനിലെ ചടങ്ങ് ബഹിഷ്കരിച്ച സംഭവത്തിൽ പ്രോട്ടോകോൾ ലംഘനം ഉണ്ടായിട്ടില്ലെന്നും ഗവർണറാണ് ഭരണഘടനാ ലംഘനം നടത്തിയതെന്നും മന്ത്രി വി.ശിവൻകുട്ടി. ഭരണഘടനയിൽ പറയുന്നതിനപ്പുറം ഒരു അധികാരവും ഗവർണർമാർ ഏറ്റെുക്കേണ്ടതില്ല. ഇക്കാര്യം സുപ്രീംകോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

PINU TVPM

*********************************

## എ ബി വി പി

ഭാരതാംബ ചിത്ര വിവാദത്തിൽ മന്ത്രി വി.ശിവൻകുട്ടിക്കെതിരെ പ്രതിഷേധവുമായി എ.ബി.വി.പി. തിരുവനന്തപുരം വഴുതക്കാട് മന്ത്രിയുടെ വാഹനത്തിന് നേരെ പ്രവർത്തകർ കരിങ്കൊടികാട്ടി. ഭരണഘടനാ പദവി വഹിക്കുന്ന ഗവർണറെ മന്ത്രി അപമാനിക്കുകയാണെന്ന് പ്രതിഷേധക്കാർ ആരോപിച്ചു.

*********************************

## സ്വർണം/ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചക സെൻസെക്സ് 322 പോയിൻറ് നേട്ടത്തിൽ 81,686 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 88 പോയിൻറ് നേട്ടത്തിൽ 24,877 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 55 രൂപ കുറഞ്ഞു 9,210 രൂപയും, പവന് 440 രൂപ കുറഞ്ഞു 73,680 രൂപയുമാണ് ഇന്നത്തെ വില.

***********************************

## മനുഷ്യാവകാശ കമ്മീഷൻ

പോത്തിറച്ചി മ്ലാവിറച്ചിയാക്കി കേസെടുക്കുകയും യുവാവിനെ റിമാൻഡ് ചെയ്യുകയും ചെയ്ത സംഭവത്തിൽ കേസെടുത്ത് മനുഷ്യാവകാശ കമ്മീഷൻ. പ്രതിയാക്കപ്പെട്ട സുജേഷ് 39 ദിവസം ഇരിങ്ങാലക്കുട സബ്ജയിലിൽ കഴിഞ്ഞിരുന്നു. പിന്നീട് ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്. സുജേഷ് സുഹൃത്തിന് നൽകിയത് പോത്തിറച്ചിയാണെന്ന് ഫോറൻസിക് പരിശോധനയിലാണ് വ്യക്തമായത്. സംഭവത്തിൽ ചാലക്കുടി ഡിഎഫ്ഒ 15 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ ഉത്തരവിട്ടു.

RNU TVPM

***********************************

## രേവതി ആരാധന

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സാവത്തിലെ മൂന്നാമത്തെ ആരാധന ആയ രേവതി ആരാധന ഇന്ന് നടക്കും. ഇളനീരഭിഷേകത്തിനുശേഷമുള്ള പ്രധാന ആരാധ നയാണിത്.

***********************************

## തീപിടിത്തം

പത്തനംതിട്ട കോന്നി തണ്ണിത്തോട് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ജോ മാർട്ട് ബിൻഡിംഗിൽ രണ്ട് കടകളും കാറും തീപിടിത്തത്തിൽ കത്തിനശിച്ചു. ഫാൻസി സ്റ്റോറും ബേക്കറിയും പുറത്തെ റോഡുസൈഡിലായി പാർക്ക് ചെയ്തിരുന്ന കാറുമാണ് കത്തിനശിച്ചത്. തീപിടുത്ത കാരണം വ്യക്തമല്ല. കോന്നി, പത്തനംതിട്ട എന്നിവിടങ്ങളിൽ നിന്ന് ഫയർഫോഴ്സ് യൂണിറ്റ് എത്തി തീ അണച്ചു.

************************************

## വില്ലേജ് കെട്ടിടം ഉദ്ഘാടനം

കോഴിക്കോട് കുറ്റിക്കാട്ടൂരിൽ ആധുനിക സൗകര്യങ്ങളോടെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമാണ ഉദ്ഘാടനം ഇന്ന് ഉച്ചക്ക് മന്ത്രി കെ രാജൻ ഓൺലൈനായി നിർവഹിക്കും. പൊതുജനങ്ങൾക്ക് കാര്യക്ഷമമായും സുതാര്യമായും വേഗത്തിലും സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ഓഫീസുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെ ഭാഗമായാണ് പുതിയ കെട്ടിടം നിർമിക്കുന്നത്.

RNUTVPM

************************************

## ഡീലിമിറ്റേഷൻ കമ്മീഷൻ

സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് വാർഡ് പുനർവിഭജനം സംബന്ധിച്ച ഡീലിമിറ്റേഷൻ കമ്മീഷൻ ഹീയറിംഗ് നാളെ തിരുവനന്തപുരത്ത് നടക്കും. രാവിലെ 9 മണിക്ക് തൈക്കാട് പി.ഡബ്ള്യു.ഡി റസ്റ്റ് ഹൗസിലാണ് ഹീയറിംഗ്.

************************************************************************************